Draft #2 of File 25976/AD A4/1/2019/AD A 4 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 17-Oct-2019 05:58 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണനിർവ്വഹണം- 2019-ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സർവ്വകലാശാലയിൽ സംഘടിപ്പിക്കുവാനുള്ള സിൻഡിക്കേറ്റ് യോഗ തിരുമാനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 4948/AD A 4/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.10.2019

---

പരാമർശം:-1. ഉദ്യോഗസ്ഥ-ഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ) വകുപ്പിൽ നിന്നുള്ള 05.08.2019 തിയതിയിലെ ഔഭാ4/24/2019/ഉഭപവ നമ്പർ സർക്കുലർ

2. 05.10.2019 തിയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ: ഒ.എ.13/19.08/DDFS 25976

**ഉത്തരവ്**

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി കേരളത്തിന്റെ 63-ആം വാർഷിക വേളയായ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കണമെന്ന് പരാമർശം (1) പ്രകാരമുള്ള സർക്കുലർ മുഖേന സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.

ആയത് പരിഗണിച്ച്, 2019 നവംബർ മാസത്തിലെ ആദ്യ പ്രവൃത്തി ദിവസം മലയാള ദിനാഘോഷവും, നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരമുള്ള സർക്കുലറിൽ പരാമർശിച്ചിട്ടുള്ള താഴെ ചേർത്തിട്ടുള്ള നിർദേശങ്ങൾ സർവ്വകലാശാലയിൽ സംഘടിപ്പിക്കുവാൻ പരാമർശം (2) പ്രകാരം സിൻഡിക്കേറ്റ് യോഗം തിരുമാനിച്ചിരിക്കുന്നു.

1. 2019 നവംബർ 1- ന് ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും പ്രസ്തുത സർക്കുലറിൽ ചേർത്തിട്ടുള്ള ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

2. ഭരണഭാഷാ വാരാഘോഷക്കാലത്ത് ടി സർക്കുലറിൽ ചേർത്തിരിക്കുന്ന ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

3. ഭാഷാ പോഷണത്തിനും ഭരണഭാഷാ മാറ്റത്തിനും ഉതകുന്ന പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

4. ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡിപ്പാർട്ടുമെന്റുകൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ, പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പി.എസ്-മാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ- മാർ
4. ജെ.ഡി, കെ.എസ്.എ/സെക്യൂരിറ്റി ഓഫീസർ
5. പി.ആർ.ഒ/എസ്റ്റേറ്റ് ഓഫീസർ/എസി.സി1
6. ഔദ്യോഗിക ഭാഷാ ഏകോപനാധികാരി
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 25976/AD A4/1/2019/AD A 4 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 17-Oct-2019 05:58 PM - Page 2